"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്-കിളിക്കൊഞ്ചൽ ബുക്ക് ലെറ്റുകൾ ഏറ്റെടുത്ത് ജില്ലാ പ്രോഗ്രാം ഓഫീസുകളിൽ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.154/2024/WCDD തീയതി,തിരുവനന്തപുരം, 29-04-2024

---

പരാമർശം:- 1. സ.ഉ(സാധാ)നം. 323/2021/സാ.നീ.വ തീയതി 17.05.2021

2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 05.02.2024, 11.04.2024 തീയതികളിലെ DWCD/1304/2022-ICDSB2 നമ്പർ കത്ത്

**ഉത്തരവ്**

അങ്കണവാടി പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനായി പ്രീ സ്കൂൾ തീം അധിഷ്ഠിത ബുക്ക് ലെറ്റുകൾ തയ്യാറാക്കി, പ്രിന്റ് ചെയ്ത് സംസ്ഥാനത്തെ അങ്കണവാടികളിലും വിതരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണന്തല ഗവ. പ്രസ്സിൽ പ്രിന്റിംഗ് പൂർത്തിയായി ഇരിക്കുന്ന മൂന്നു ലക്ഷത്തോളം കിളിക്കൊഞ്ചൽ ബുക്ക് ലെറ്റുകൾ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി ജില്ലാ പ്രോഗ്രാം ഓഫീസുകളിൽ എത്തിക്കേണ്ടതുണ്ടെന്നും കിളിക്കൊഞ്ചൽ ബുക്ക് ലെറ്റുകൾ മണ്ണന്തല ഗവ പ്രസ്സിൽ നിന്നും ഏറ്റെടുത്ത് വിവിധ ജില്ലാ പ്രോഗ്രാം ഓഫീസുകൾക്ക് അയക്കുന്നതിനു ആവശ്യമായ തുക ഉൾപ്പെടുത്തി Logistics Post ആകെ 4,92,204/- (നാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി നാല് രൂപ മാത്രം) രൂപയുടെ വിശദമായ പ്രൊപ്പോസൽ 14.12.2023 ന് ലഭ്യമാക്കിയിട്ടുള്ളതായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) കിളിക്കൊഞ്ചൽ ബുക്ക് ലെറ്റുകൾ മണ്ണന്തല ഗവ. പ്രസ്സിൽ നിന്നും ഏറ്റെടുത്ത് വിവിധ ജില്ലാ പ്രോഗ്രാം ഓഫീസുകളിൽ Logistics Post വഴി വിതരണം ചെയ്യുന്നതിനുള്ള അനുമതിക്കായും, Logistics Post സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് ഇതിനാവശ്യമായ 4,92,204/- (നാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി നാല് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56-(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിളിക്കൊഞ്ചൽ ബുക്ക് ലെറ്റുകൾ മണ്ണന്തല ഗവ. പ്രസ്സിൽ നിന്നും ഏറ്റെടുത്ത് വിവിധ ജില്ലാ പ്രോഗ്രാം ഓഫീസുകളിൽ Logistics Post വഴി വിതരണം ചെയ്യുന്നതിനും ഇതിനാവശ്യമായ 4,92,204/- (നാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി നാല് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56-(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WCD-1/150/2024-FIN (2718140)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 29-04-2024 16:24:10

സെക്ഷൻ ഓഫീസർ